# ലേബർ കമ്മീഷണറുടെ നടപടിക്രമം

**(ഹാജർ: സി.വി.സജൻ ഐ.എ.എസ്)**

**വിഷയം:-** തൊഴിൽ വകുപ്പ് - സൂര്യാഘാതം - ജോലി സമയം പുന:ക്രമീകരിച്ചത് സമയം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വായന:-** ഈ കാര്യാലയത്തിലെ 26.02.2019-ലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ. ഇഎൻ (2) 2793/2019 തീയതി: 08.05.2019**

വേനൽക്കാലം ആരംഭിച്ച സാഹചര്യത്തിൽ പകൽ താപനില ക്രമാതീതമായി ഉയരുന്നതിനാൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിനായും പൊതുജന താൽപ്പര്യം മുൻനിർത്തിയും 1958-ലെ കേരള മിനിമം വേജസ് ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം സംസ്ഥാനത്തിനുള്ളിൽ വെയിലത്ത് നിന്ന് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2019 ഫെബ്രുവരി 26 മുതൽ ഏപ്രിൽ 30 വരെ പുന:ക്രമീകരിച്ച് വായന പ്രകാരം ഉത്തരവായിരുന്നു. **ഏപ്രിൽ 30-ന് ശേഷം വേനൽ മഴ ലഭിച്ചുവെങ്കിലും പകൽ താപനില കുറയാത്ത സാഹചര്യത്തിൽ ടി ഉത്തരവ് മേയ് 20-വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.**

പകൽ ഷിഫ്റ്റിൽ ജോലി ചെയ്യുന്നവർക്ക് ഉച്ചയ്ക്ക് 12:00 മണി മുതൽ 3:00 മണി വരെ വിശ്രമവേളയായിരിക്കും. ഇവരുടെ ജോലി സമയം രാവിലെ 7:00 മണി മുതൽ വൈകുന്നേരം 7:00 മണി വരെയുള്ള സമയത്തിനുള്ളിൽ എട്ടു മണിക്കൂറായി നിജപ്പെടുത്തുന്നു. രാവിലെയും ഉച്ചയ്ക്കുശേഷവും ഉള്ള മറ്റു ഷിഫ്റ്റുകളിലെ ജോലി സമയം ഉച്ചയ്ക്ക് 12:00 മണിക്ക് അവസാനിക്കുന്ന പ്രകാരവും വൈകുന്നേരം 3:00 മണിക്ക് ആരംഭിക്കുന്ന പ്രകാരവും പുന:ക്രമീകരിക്കുന്നു.

സമുദ്രനിരപ്പിൽ നിന്ന് 3000 അടിയിൽ കൂടുതൽ ഉയരമുള്ള സൂര്യാഘാതത്തിന് സാദ്ധ്യതയില്ലാത്ത മേഖലകളെ ഈ ഉത്തരവിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നു. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർ(ഇ) മാർ ഈ ഉത്തരവ് നടപ്പിലാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

1. എല്ലാ ജില്ലാ കളക്ടർമാർക്കും.
2. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
3. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
4. പബ്ലിസിറ്റി ഓഫീസർ,
5. വെബ്മാസ്റ്റർ
6. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**സീനിയർ സൂപ്രണ്ട് (ഇ.എൻ)**

എസ്.ടി